**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 431** | **21-03-2025 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ സർവകലാശാലകളുടെ സ്പോൺസറിംഗ് ഏജൻസി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സ്വകാര്യ സർവകലാശാലകൾ സ്ഥാപിക്കുമ്പോൾ സ്പോൺസറിംഗ് ഏജൻസിയ്ക്ക് അക്കാദമിക മുൻപരിചയം യോഗ്യതയാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന സ്വകാര്യ സർവകലാശാലാ ബില്ലിൽ സ്പോൺസറിങ് ബോഡി എന്നതുകൊണ്ടർത്ഥമാക്കുന്നത് 1882 -ലെ ഇൻഡ്യൻ ട്രസ്റ്റ് ആക്റ്റ് (1882 -ലെ 2 -ാം കേന്ദ്ര ആക്റ്റ്) പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു ട്രസ്റ്റ് അല്ലെങ്കിൽ സംഘങ്ങളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് നിലവിലുള്ള ഏതെങ്കിലും ആക്റ്റിന്റെ വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു സംഘം അല്ലെങ്കിൽ 2013 -ലെ കമ്പനീസ് ആക്റ്റ് ( 2013 -ലെ 18 - ാം കേന്ദ്ര ആക്റ്റ്) പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു കമ്പനി എന്നാണ്.<br><br>ഈ ബില്ലിലെ സെക്ഷൻ 4-ൽ ഇപ്രകാരം സ്വകാര്യ സർവ്വകലാശാ ലകൾ സ്ഥാപിക്കുന്നതിനുള്ള നിബന്ധനകളും സെക്ഷൻ 5-ൽ സർവകലാശാലകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷാ നടപടികളെക്കുറിച്ചും വ്യക്തമാക്കിയിട്ടുണ്ട്. ഈ രണ്ടു സെക്ഷനുകളും പ്രാധാന്യം നൽകുന്നത് സാമൂഹ്യനീതിയും മെറിറ്റും ഗുണനിലവാരവുമുള്ള വിദ്യാഭ്യാസം സ്വകാര്യസർവകലാ ശാലകളിൽ ഉറപ്പു വരുത്തുന്നതിനാണ്. സെക്ഷൻ 6-ൽ സർവ്വകലാശാലകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ വിലയിരുത്തുന്നതിനുള്ള വിദഗ്ധ സമിതിയെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. ഈ വിദഗ്ധ സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.<br><br>(i) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഒരു അക്കാദമിക് വിദഗ്ധൻ - ചെയർപേഴ്സൺ;<br><br>(ii)സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാന പൊതു സർവകലാശാലയുടെ ഒരു വൈസ് ചാൻസലർ - അംഗം; |

| | | | |
|---|---|---|---|
| | | | (iii)സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് - കൺവീനർ;<br><br>(iv)കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ - അംഗം;<br><br>(v)കേരള സംസ്ഥാന ആസൂത്രണ ബോർഡ് നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ - അംഗം;<br><br>(vi)സർവകലാശാല സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ജില്ലയിലെ കളക്ടർ - അംഗം.<br><br>ഗുണമേന്മയുള്ളതും സാമൂഹ്യനീതിയി ലധിഷ്ഠിതവുമായ ഉന്നതവിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം എന്ന് ഇതെല്ലാം വ്യക്തമാക്കുന്നു.<br><br>വിദഗ്ധ സമിതിയുടെ പരിശോധന വിഷയങ്ങളിൽ സ്പോൺസറിംഗ് ബോഡിയുടെ മുൻപരിചയവും പരിശോധിക്കപ്പെടുന്നുണ്ട്. |
| (ബി) | ഇല്ലെങ്കിൽ ഉന്നത വിദ്യാഭ്യാസമേഖലയെ പരിഷ്കരിക്കാനുള്ള നിയമനിർമ്മാണം കച്ചവട താത്പര്യങ്ങൾക്ക് വഴിമാറുമെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | സ്വകാര്യ സർവകലാശാലകളുടെ സ്ഥാപനവുമായി ബന്ധപ്പെട്ട് കർശനമായ വ്യവസ്ഥകളും നിബന്ധനകളുമാണ് ഈ ബില്ലിൽ പ്രതിപാദിക്കുന്നത്. ഇത്തരം വ്യവസ്ഥകൾക്കൊപ്പം തന്നെ ഈ ബില്ലിലെ സെക്ഷൻ 61 പ്രകാരം വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ നിർമിക്കാനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കും. അതോടൊപ്പം തന്നെ സർക്കാരിന് സർവകലാശാലയിൽ ഒരു റെഗുലേറ്ററി ബോഡി സ്ഥാപിക്കാനുള്ള അധികാരവുമുണ്ട്. സംസ്ഥാനത്ത് സ്ഥാപിക്കപ്പെടുന്ന സ്വകാര്യ സർവകലാശാലകളിൽ കച്ചവടതാല്പര്യങ്ങൾ പ്രോത്സാഹിപ്പി ക്കുന്ന നടപടികൾ ഉണ്ടാകാതിരിക്കു ന്നതിന് ഇത്തരത്തിൽ മുൻകരുതലുകൾ എടുത്തിട്ടുണ്ട്. |
| (സി) | ദീർഘകാലമായി വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന കോർപ്പറേറ്റ് മാനേജ്മെന്റുകൾക്ക് സ്വകാര്യ സർവകലാശാലകളുടെ സ്പോൺസറിംഗ് ഏജൻസികൾ ആകുന്നതിന് പ്രത്യേക പരിഗണന ലഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ഈ ആക്ടിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്കും യുജിസിയുടെയും ബന്ധപ്പെട്ട റെഗുലേറ്ററി ബോഡികളുടെയും നിബന്ധനകൾക്കും വിധേയമായി ഏതൊരു ഏജൻസിക്കും സ്വകാര്യ സർവകലാശാകളുടെ സ്പോൺസറിങ് ബോഡി ആകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ